(ബി) പാലക്കാട് ജില്ലയിൽനിന്നും ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്കുവേണ്ടി കഴിഞ്ഞ 4 വർഷത്തിനകം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവ ആരുടെയെല്ലാമാണെന്നും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് നൽകാമോ;

(സി) ഈ അപേക്ഷകളിൽ ഓരോന്നിനും എന്നത്തേക്ക് സഹായം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ ഓപ്പറേഷൻ കഴിഞ്ഞതിന്റെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നൽകേണ്ടത് ഏതെല്ലാം അപേക്ഷകളിലാണെന്നും അവയിൽ ഓരോന്നിലും എന്ത് തുകവീതം നൽകാനുണ്ടെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഫണ്ടിന്റെ അപര്യാപ്തതയും അപേക്ഷകളുടെ ബാഹുല്യവും നിമിത്തം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിവിധ തലങ്ങളിലായി നടപടികൾ നടന്നുവരുന്നതിനാൽ ഇത്തരത്തിൽ എത്ര അപേക്ഷകൾ ഉണ്ടെന്നതിന് വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 2000 രൂപയ്ക്കുമുകളിലുള്ള 35 ക്ലെയിമുകൾ ലഭ്യമായിട്ടുണ്ട്. അവയിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. ലഭ്യമായ ക്ലെയിമുകളിൽ വിവിധ തലങ്ങളിലായി നടപടിക്രമങ്ങൾ നടന്നുവരുന്നതിനാൽ, ഇവ ആരുടെതാണെന്ന് അറിയിക്കുക പ്രായോഗികമല്ല.

(സി) ലഭിച്ച അപേക്ഷകളിൻമേൽ സീനിയോറിറ്റി മുറയ്ക്ക്, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സഹായം നൽകിവരുന്നു.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഇ. എസ്. ഐ. സ്കീമിന്റെ പ്രവർത്തനങ്ങൾ

67 [529] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ പ്രദേശങ്ങളിലാണ് ഇ.എസ്.ഐ. സ്കീം പുതുതായി ബാധകമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സ്കീമിൽ എത്ര തൊഴിലാളികളാണ് നിലവിൽ അംഗങ്ങളായി ഉള്ളത് എന്ന് അറിയിക്കാമോ;

(സി) ഇതിനുകീഴിൽ എത്ര ഡിസ്പെൻസറികൾ, ആശുപത്രികൾ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവ പ്രവർത്തിക്കുന്നു; അവിടങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ്, മറ്റു ജീവനക്കാർ എന്നിവരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം 69 റവന്യൂ വില്ലേജുകളിലേക്കുകൂടി ഇ.എസ്.ഐ. സ്കീം വ്യാപിപ്പിക്കുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഇ.എസ്.ഐ. സ്കീമിൽ നിലവിൽ 2,58,478 (രണ്ടുലക്ഷത്തി അൻപത്തി യെണ്ണായിരത്തി നാനൂറ്റി എഴുപത്തിയെട്ട്) ഇൻഷുർ ചെയ്യപ്പെട്ട തൊഴിലാളികൾ ഉണ്ട്.

(സി) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനുകീഴിൽ നിലവിൽ 137 ഡിസ്പെൻസറികൾ, 13 ആശുപത്രികൾ (ഇതിൽ ആശ്രാമം ഇ.എസ്.ഐ. മോഡൽ ഹോസ്പിറ്റൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ മേൽനോട്ടത്തിലാണ്) 10 ആയുർവേദ യൂണിറ്റുകൾ, 14 ഹോമിയോ യൂണിറ്റുകൾ മുതലായവ പ്രവർത്തിച്ചുവരുന്നു. നിലവിലുള്ള ഒഴിവുകളുടെ എണ്ണം താഴെ പറയുംപ്രകാരമാണ്:

ഡോക്ടർമാർ	..	150
സ്റ്റാഫ് നഴ്സ്	..	3
പാരാമെഡിക്കൽ സ്റ്റാഫ്	..	41
മറ്റു ജീവനക്കാർ	..	17

ഇ. എസ്. ഐ. ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് യഥാസമയം നൽകുന്നതിന് നടപടി

68 [530] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നില്ലെന്ന് ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിലാളികളുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തൊഴിലാളികളുടെ ചികിൽസയ്ക്ക് അനുവദിക്കുന്ന മെഡിക്കൽ അഡ്വാൻസുകൾ ലഭ്യമാക്കുന്നതിന് ഇപ്പോൾ നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly